2026
JUNE
18
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper





# എൽഎൻജി ഉൽപാദനം കൂട്ടും, ഗൾഫ് രാജ്യങ്ങളുമായി വൈദ്യുതി ബന്ധത്തിന് ഇറാൻ

**ദുബായ്:** ഹോർമുസ് കടലിടുക്ക് തുറന്നാലുടൻ ദ്രവീകൃത പ്രകൃതിവാതക(എൽഎൻജി) ഉൽപാദനം വർധിപ്പിക്കാൻ ഖത്തർ തീരുമാനിച്ചു. ഇറാന്റെ വ്യോമാക്രമണത്തിൽ പ്ലാന്റുകൾ തകർന്നതോടെ ഉൽപാദനം കുറച്ചത് ആശങ്ക ഉയർത്തിയിരുന്നു. എന്നാൽ, കുറഞ്ഞ കാലം കൊണ്ടുതന്നെ നാശനഷ്ടം ഒരു പരിധി വരെ അതിജീവിച്ചതോടെയാണ് ആദ്യ മാസം 50 ശതമാനവും രണ്ടാം മാസം 80 ശതമാനവുമായി കൂട്ടാൻ തീരുമാനിച്ചത്. ഖത്തറിൽ നിന്ന് എൽഎൻജി വാങ്ങുന്ന കമ്പനികൾക്കും രാജ്യങ്ങൾക്കും ഖത്തർ എനർജി കമ്പനി ശുഭസൂചന നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന 20% പുനഃസ്ഥാപിക്കാൻ അഞ്ചു വർഷമെങ്കിലും വേണ്ടിവന്നേക്കും.

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ആദ്യ ആഴ്ചകളിലാണു ലോകത്തിലെ ഏറ്റവും വലിയ എൽഎൻജി പ്ലാന്റ് വ്യോമാക്രമണത്തിൽ തകർന്നത്. ഖത്തറിലെ റാസ് ലഫാൻ സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ഖത്തർ എനർജിയുടെ പ്ലാന്റിൽ നിന്നാണ് ആഗോള വാതക കയറ്റുമതിയുടെ അഞ്ചിൽ ഒരു ഭാഗവും നടക്കുന്നത്.

പ്ലാന്റ് തകർന്നതോടെ ചൈന, കൊറിയ അടക്കമുള്ള രാജ്യങ്ങളിലെ ഇലക്ട്രോണിക് ഫാക്ടറികൾ ഗുരുതര ഊർജ പ്രതിസന്ധിയിലായിരുന്നു. 3 മാസത്തിലേറെ പ്രവർത്തനം നിലച്ച



പ്ലാന്റ് വീണ്ടും തുറക്കാനുള്ള ഒരുക്കങ്ങൾ ഏപ്രിലിൽ തന്നെ തുടങ്ങിയിരുന്നു. കുറഞ്ഞ അളവിലുള്ള ഉൽപാദനം വിജയിച്ചു. ലോകത്തെ ഇന്ധനക്ഷാമം കുറയ്ക്കാനുള്ള നിർണായക ചുവടുവയ്പ് വിപണിക്കും ആവേശം പകരും.

ഹോർമുസ് കടലിടുക്ക് വെള്ളിയാഴ്ച പൂർണമായും തുറക്കുമെന്ന പ്രതീക്ഷയിലാണു നിലവിൽ ഗൾഫ് രാജ്യങ്ങൾ.

യുഎഇയുടെ വാതക ഉൽപാദന പ്ലാന്റ് അബുദാബി നാഷനൽ ഓയിൽ കമ്പനി (അഡ്നോക്) കൂടി പ്രവർത്തനം പൂർണതോതിൽ പുനരാരംഭിച്ചാൽ ഊർജ പ്രതിസന്ധിയിൽ നിന്നു കരകയറാനുള്ള വഴി തെളിയും.



## ഇറാനിലേക്ക് 300 ബില്യൺ ഡോളറിന്റെ കൂറ്റൻ സ്വകാര്യ ഫണ്ട്; നിക്ഷേപിക്കാൻ വൻ കമ്പനികൾ

**ടെഹ്റാൻ:** യുഎസ് ഇറാൻ കരാറിന്റെ ഭാഗമായി, ഇറാനിലേക്ക് വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി 300 ബില്യൺ ഡോളറിന്റെ (ഏകദേശം 25 ലക്ഷം കോടി രൂപ) കൂറ്റൻ സ്വകാര്യ ഫണ്ട് സ്വരൂപീകരിക്കുന്നുവെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട്. തുകയുടെ പകുതിയിലധികം ഇതിനകം വിവിധ ആഗോള കമ്പനികൾ വാഗ്ദാനം ചെയ്തുകഴിഞ്ഞതായി കരാറുമായി അടുത്ത വൃത്തങ്ങൾ റോയിട്ടേഴ്സിനോട് വെളിപ്പെടുത്തി. വരുന്ന വെള്ളിയാഴ്ച അമേരിക്കയും ഇറാനും കരാറിൽ ഒപ്പുവയ്ക്കാനിരിക്കെയാണ് വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്. അന്തിമ സമാധാന കരാറിലെത്താൻ ഇരു രാജ്യങ്ങൾക്കും സാമ്പത്തികമായ ഒരു പ്രോത്സാഹനം നൽകുക എന്നതാണ് ഫണ്ടിന്റെ ലക്ഷ്യം.

യുദ്ധക്കെടുതികൾക്കുള്ള നഷ്ടപരിഹാരമോ പുനർനിർമാണത്തിനുള്ള സർക്കാർ ഗ്രാന്റോ അല്ല പദ്ധതി. മറിച്ച് ഇത് പൂർണമായും ഒരു സ്വകാര്യ നിക്ഷേപ സംവിധാനമാണ്. യുഎസ്, ഗൾഫ് രാജ്യങ്ങൾ, ഏഷ്യ, തെക്കേ അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലെ പ്രമുഖ കമ്പനികൾ പദ്ധതിയിൽ പങ്കാളികളാകും. ഊർജം, ലോജിസ്റ്റിക്സ്, നിർമാണം, ഗതാഗതം എന്നീ മേഖലകളിലാണ് നിക്ഷേപം വരുന്നത്. യുദ്ധത്തിൽ തകർന്ന മൊബാറകെ സ്റ്റീൽ കോംപ്ലക്സ്, റിഫൈനറികൾ, വിമാനത്താവളങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി വായ്പകൾ ഉറപ്പാക്കിയും ക്രെഡിറ്റ് ലൈനുകൾ സ്ഥാപിച്ചും പ്രാദേശിക രാജ്യങ്ങളും ഇതിൽ പങ്കാളികളാകും. ദക്ഷിണ കൊറിയ, ജപ്പാൻ, സിംഗപ്പൂർ, മലേഷ്യ, യുഎസ് തുടങ്ങിയ രാജ്യങ്ങളിലെ കമ്പനികൾ ഇതിനകം നിക്ഷേപ വാഗ്ദാനം നൽകിയിട്ടുണ്ട്.

# ഇലക്ട്രിക് വാഹന വിൽപ്പനയിൽ കുറവ്

**കൊച്ചി:** ആഗോളതലത്തിൽ രാജ്യങ്ങൾ വൈദ്യുത കാറുകളുടെ വിൽപ്പനയിൽ മുന്നേറുമ്പോഴും ഈ രംഗത്ത് മുട്ടിലിഴഞ്ഞ് ഇന്ത്യ. പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയായ ഇന്റർനാഷണൽ എനർജി ഏജൻസി (ഐ.ഇ.എ.)യുടെ കണക്കുകൾ പ്രകാരം, 2025ൽ ആഗോളതലത്തിൽ വിറ്റഴിക്കപ്പെട്ട പുതിയ കാറുകളിൽ 25 ശതമാനവും ഇ.വി. (ഇലക്ട്രിക് കാർ) ആണ്. ബാറ്ററിയിൽ ഓടുന്നവയും പ്ലഗ്ഇൻ ഹൈബ്രിഡുകളും ഉൾപ്പെടെ കഴിഞ്ഞവർഷം ലോകമെമ്പാടുമായി രണ്ടുകോടി വൈദ്യുത കാറുകളാണ് വിറ്റഴിഞ്ഞത്.

ഈ വിൽപ്പനക്കണക്കുമായി താരതമ്യം ചെയ്യുമ്പോൾ, ഇന്ത്യയിൽ വിറ്റഴിക്കപ്പെട്ട പുതിയ കാറുകളിൽ വെറും നാല് ശതമാനം മാത്രമാണ് ഇ.വി.കൾ. കഴിഞ്ഞവർഷം ഇന്ത്യയിൽ ആകെ വിറ്റഴിഞ്ഞ 1.65 ലക്ഷം വൈദ്യുത കാറുകളിൽ 60 ശതമാനവും ടാറ്റാ മോട്ടോഴ്സ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര എന്നീ രണ്ട് വൻകിട കമ്പനികളുടേതായിരുന്നു.

ഐ.ഇ.എ. കണക്കുകൾ പ്രകാരം യൂറോപ്യൻ യൂണിയന് പുറമേ, 23 രാജ്യങ്ങളിൽ വൈദ്യുത കാർ വിൽപ്പന 2025ൽ 10 ശതമാനത്തിന് മുകളിലെത്തി. 2020ലെ കണക്കെടുത്താൽ വിയറ്റ്നാമിലും ഇൻഡൊനീഷ്യയിലും വൈദ്യുത കാറുകൾ വിറ്റുപോയിരുന്നില്ല. എന്നാൽ, ഏതാണ്ട് പൂജ്യം ശതമാനത്തിൽനിന്ന് 2025ഓടെ വിയറ്റ്നാം 41 ശതമാനത്തിലേക്കും ഇൻഡൊനീഷ്യ 15 ശതമാനത്തിലേക്കും വിൽപ്പനയിൽ മുന്നേറി. തായ്ലാൻഡ് (23 ശതമാനം), ദക്ഷിണ കൊറിയ (11 ശതമാനം), എന്നിവയാണ് ഈ രംഗത്ത് മുന്നേറിയ മറ്റ് രാജ്യങ്ങൾ.






# ഡിജിറ്റൽ സെൻസസ് 2026: എറണാകുളം ജില്ല സജ്ജം

## സെൻസസ് സെൽഫ് എന്യൂമറേഷൻ തുടങ്ങി

**കൊച്ചി:** രാജ്യത്തിന്റെ വരും ദശകത്തിലേക്കുള്ള കൃത്യമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിഭവങ്ങൾ കൃത്യമായി വിനിയോഗിക്കുന്നതിനും സെൻസസ് വിവരങ്ങൾ അത്യന്താപേക്ഷിതമാണെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു.

എറണാകുളം പ്രസ്ക്ലബിൽ സെൻസസ് 2027 സെൽഫ് എന്യൂമറേഷനെ കുറിച്ച് വിശദീകരിക്കാൻ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

രാജ്യത്തിന്റെ വികസനത്തിന് അടിത്തറ പാകുന്നതിനും ഭരണനിർവഹണത്തിന് കൃത്യമായ ദിശാബോധം നൽകുന്നതിനുമുള്ള ഡിജിറ്റൽ സെൻസസിന്റെ പ്രവർത്തനങ്ങൾ രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. ജൂലൈ മാസത്തിൽ നടക്കുന്ന ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ വീടുകളുടെ പട്ടികപ്പെടുത്തൽ (ഹൗസ് ലിസ്റ്റിംഗ്) നടക്കും. വീടുകൾ ലിസ്റ്റ് ചെയ്ത് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. തുടർന്ന് ഫെബ്രുവരി മാസത്തിൽ രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് (പോപ്പുലേഷൻ സെൻസസ്) നടക്കും.

സെൻസസ് പ്രവർത്തനങ്ങൾക്കായി ജില്ലയിൽ മുനിസിപ്പാലിറ്റിതാലൂക്ക് തലങ്ങളിലായി 23 ചാർജ് ഓഫീസർമാരുണ്ട്. ഡിജിറ്റൽ ടൂളുകൾ കൃത്യമായി ഉപയോഗിക്കുന്നതിനായി 4 മാസ്റ്റർ ട്രെയിനർമാരും 118 ഫീൽഡ് ട്രെയിനർമാരും ജില്ലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. അധ്യാപകരും മറ്റ് സർക്കാർ ജീവനക്കാരും ഉൾപ്പെടെ റിസർവ് അടക്കം 6,538 എന്യൂമറേറ്റർമാരും, 1,117 സൂപ്പർവൈസർമാരും ജില്ലയിൽ സജ്ജമാണ്. ഓരോ എന്യൂമറേറ്റർക്കും 150 മുതൽ 200 വരെ വീടുകളുടെ (ഏകദേശം 700 മുതൽ 800 വരെ ജനസംഖ്യ) ചുമതലയാണ് നൽകിയിട്ടുള്ളത്.

ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സെൻസസിന്റെ ഏറ്റവും വലിയ സവിശേഷത പൊതുജനങ്ങൾക്ക് സ്വന്തം വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള 'സെൽഫ് എന്യുമെറേഷൻ' സൗകര്യമാണ്. 2026 ജൂൺ 16 മുതൽ ജൂൺ 30 വരെയുള്ള 15 ദിവസങ്ങളിലാണ് ഇതിനുള്ള സമയം അനുവദിച്ചിരിക്കുന്നത്. പൊതുജനങ്ങൾക്ക് se.census.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് വളരെ എളുപ്പത്തിൽ 33 ചോദ്യങ്ങളടങ്ങിയ വിവരങ്ങൾ സമർപ്പിക്കാം. സ്വയം വിവരശേഖരണം പൂർത്തിയാക്കുമ്പോൾ 11 അക്കങ്ങളുള്ള ഒരു ഐഡി (SelfEnumeration ID) മൊബൈലിൽ എസ്.എം.എസ്. ആയി ലഭിക്കും. ജൂലൈ ഒന്നിന് ശേഷം എ ന്യമറേറ്റർമാർ വീടുകളിൽ എത്തുമ്പോൾ ഈ ഐഡി കാണിച്ചുകൊടുത്താൽ വിവരശേഖരണം വേഗത്തിലാക്കാൻ സാധിക്കും.

ഓരോരുത്തരും ഈ കാലയളവിൽ സ്വയം വിവരശേഖരണം പൂർത്തിയാക്കണമെന്നും തങ്ങളുടെ കുടുംബങ്ങളിലും സഹപ്രവർത്തകർക്കിടയിലും ഇതിനെക്കുറിച്ച് അവബോധം വളർത്തണമെന്നും കളക്ടർ നിർദ്ദേശിച്ചു.

സെൻസസിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കേവലം സ്ഥിതിവിവരക്കണക്കുകൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്. വ്യക്തിഗത വിവരങ്ങൾ പൂർണ്ണമായും രഹസ്യമായി സൂക്ഷിക്കും. ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയാത്തവരുടെ വീടുകളിൽ എന്യുമെറേറ്റർമാർ നേരിട്ടെത്തി വിവരങ്ങൾ ശേഖരിക്കും. വീടുകളിൽ എത്തുന്ന സെൻസസ് ഉദ്യോഗസ്ഥർക്ക് പണമോ മറ്റ് പ്രതിഫലങ്ങളോ നൽകേണ്ടതില്ല. ഉദ്യോഗസ്ഥരുടെ കൈവശമുള്ള ഒദ്യോഗിക തിരിച്ചറിയൽ കാർഡിലെ QR കോഡ് മൊബൈൽ ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്ത് പൊതുജനങ്ങൾക്ക് അവരുടെ വിശ്വാസ്യത ലളിതമായി പരിശോധിക്കാവുന്നതാണ്. ആകെ 33 ചോദ്യങ്ങളാണുള്ളത്, ഈ ചോദ്യങ്ങൾ ഓൺലൈനായും മറ്റ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ആരും ആശങ്കപ്പെടാതെ

സെൽഫ് എ ന്യൂമറേഷന്റെ ഭാഗമാകണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ലേബർ ക്യാമ്പുകൾ, വ്യാവസായിക സ്ഥാപനങ്ങൾ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, കോൺട്രാക്ടർമാർ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തും. സെൻസസ് ഉദ്യോഗസ്ഥരുമായി പൂർണമായി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ച ജില്ലാ കളക്ടർ, വ്യാജമായ പ്രചാരണങ്ങളിൽ വീഴാതെ ഔദ്യോഗിക സർക്കാർ ചാനലുകളിലൂടെ പുറപ്പെടുവിക്കുന്ന വിവരങ്ങളെ മാത്രം ആശ്രയിക്കണമെന്നും കൃത്യമായ വിവരങ്ങൾ നൽകി ഈ ഡിജിറ്റൽ സെൻസസ് വൻ വിജയമാക്കാൻ എല്ലാവരും പങ്കാളികളാകണമെന്നും അഭ്യർത്ഥിച്ചു.

വാർത്താസമ്മേളനത്തിൽ ജില്ലാ സെൻസസ് ഓഫീസറായ എ.ഡി.എം. കെ മനോജ്, സ്പെഷ്യൽ ഓഫീസറായ അസിസ്റ്റന്റ് കളക്ടർ ഋത്വിക് രഞ്ജൻ എന്നിവരും പങ്കെടുത്തു.

# ഗാറ്റ്ബി 2026 യോഗ്യത നേടിയ വിദ്യാർഥികൾക്ക് കുസാറ്റിൽ എം.ടെക്. മറൈൻ ബയോടെക്നോളജി പ്രവേശനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് വിഭാഗത്തിൽ 2026-27 അധ്യയന വർഷത്തെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി സ്പോൺസർ ചെയ്യുന്ന എം.ടെക്. മറൈൻ ബയോടെക്നോളജി പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

GATB 2026 പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർഥികൾക്കാണ് അപേക്ഷിക്കാനാവുക. ആദ്യഘട്ട പ്രവേശന നടപടികൾ ജൂൺ 27 വരെ നടക്കും.

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യാതൊരു അപേക്ഷാഫീസും ഈടാക്കുന്നതല്ല. പ്രവേശനത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളിൽ നിന്ന് മാത്രമായിരിക്കും ഫീസ് ഈടാക്കുക. ജനറൽ/ഒ.ബി.സി./ഇ.ഡബ്ല്യു.എസ്./ഡി.എ വിഭാഗങ്ങൾക്ക് 1500 രൂപയും എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് 700 രൂപയുമാണ് ഫീസ്.

അപേക്ഷ സമർപ്പിക്കാനുള്ള ലിങ്ക്: https://forms.gle/VN9vD-KZBWKJaDW287, https://admissions.cusat.ac.in

# തൊഴിൽ മേള

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 19ന് രാവിലെ 10 മണി മുതൽ 1 മണി വരെ എസ്എസ്എൽസി, പ്ലസ് ടു, ITI/ITC, ഡിപ്ലോമ (ഹോട്ടൽ മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി , ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ), ഡിഗ്രി, പിജി, ബി.ടെക്ക്, എംബിഎ (എച്ച്ആർ, മാർക്കറ്റിംഗ്, ഫിനാൻസ്), ബിബിഎ, ബി.കോം, എം.കോം തുടങ്ങിയ യോഗ്യതയുള്ളവർക്ക് സ്വകാര്യ സ്ഥാപനങ്ങളിലെ 500 ഒഴിവുകളിലേക്ക് പൂത്തോട്ട സ്വാമി ശാശ്വതീകാനന്ദ കോളേജിൽവെച്ച് അഭിമുഖം നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ ugbkchi.emp@gmail.com എന്ന വിലാസത്തിലേക്ക് അയച്ച് രജിസ്റ്റർ ചെയ്യണം . കൂടുതൽ വിവരങ്ങൾക്ക് 0484 2576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച് ) അപേക്ഷ ക്ഷണിച്ചു.ആറു മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകീട്ട് 6.00 മുതൽ 8.00 വരെയാണ് ക്ലാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ്ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്.

ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത. പ്രായപരിധി ഇല്ല. ജേർണലിസം, മോജോ, ഡിജിറ്റൽ മാർക്കറ്റിംഗ് കണ്ടന്റ് റൈറ്റിംഗ് ടെക്നിക്സ്, ഫോട്ടോ ജേർണലിസം,വീഡിയോ എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നേടാം.

അനുദിനം മാറുന്ന നവീന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമമേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും. ഓൺലൈനായി അപേക്ഷിക്കുന്നതിന് www.kma.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. https://forms.gle/EAzCF8GKsRGUD-cwaA എന്ന ലിങ്കിലൂടെയും അപേക്ഷ നൽകാം ഫോൺ: 0484 2422275, 2422068, 9388959192 അവസാന തിയതി ജൂൺ 30. വിലാസം സെക്രട്ടറി, കേരള മീഡിയ അക്കാദമി , കാക്കനാട്, കൊച്ചി 682030.

# ഐ.ടി.ഐ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്കായി സംസ്ഥാനത്തെ 13 സർക്കാർ ഐ.ടി.ഐകളിലെ 14 ട്രേഡുകളിലായി 280 സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

പത്താം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.labourwel-farefund.in വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കോഴ്സിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 750 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

# ഷിഗല്ല: ആഹാര പാനീയ ശുചിത്വത്തിൽ അതീവ ശ്രദ്ധ വേണം

**കൊച്ചി:** സംസ്ഥാനത്തിന്റെ പലയിടങ്ങളിലും ഷിഗല്ല ഉൾപ്പെടെയുള്ള വയറിളക്ക രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജില്ലയിൽ ഭക്ഷണപാനീയ ശുചിത്വത്തിൽ പൊതുജനങ്ങളും ആഹാര പദാർത്ഥങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നവരും, ഹോട്ടലുകൾ ഉൾപ്പടെയുള്ള ഭക്ഷണശാലകൾ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ. കുടിക്കുവാൻ തിളപ്പിച്ച വെള്ളം മാത്രം ഉപയോഗിക്കുക. വെള്ളം കുറഞ്ഞത് 20 മിനിറ്റെങ്കിലും തിളപ്പിച്ചു എന്ന് ഉറപ്പുവരുത്തണം. തിളപ്പിച്ച വെള്ളത്തിൽ യാതൊരു കാരണവശാലും തിളപ്പിക്കാത്ത വെള്ളം ചേർത്ത് ഉപയോഗിക്കരുത്.

കിണർ വെള്ളം ഉപയോഗിക്കുന്നവർ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശപ്രകാരം ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ക്ലോറിനേറ്റ് ചെയ്യണം. ക്ലോറിനേറ്റ് ചെയ്ത ജലവും തിളപ്പിച്ച ശേഷം മാത്രമേ കുടിക്കുവാൻ ഉപയോഗിക്കാവു.

ആഹാരപാനീയങ്ങൾ തയ്യാറാക്കുന്നവരും വിതരണം ചെയ്യുന്നവരും ശുചിത്വ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഭക്ഷണം തയ്യാറാക്കുന്നതിന് മുൻപും ശൗചാലയങ്ങൾ ഉപയോഗിച്ച ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക.

ആഹാര പദാർത്ഥങ്ങൾ തുറന്നു വെക്കരുത്. പഴകിയ ഭക്ഷണപദാർത്ഥങ്ങൾ പൂർണമായും ഒഴിവാക്കുക. ചൂടുള്ള ഭക്ഷണം മാത്രം തയ്യാറാക്കി നൽകുവാൻ ശ്രദ്ധിക്കുക.

ഹോട്ടലുകൾ, കാന്റീനുകൾ, മറ്റ് ഭക്ഷണശാലകൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങി ആഹാര പദാർത്ഥങ്ങൾ പാകം ചെയ്തു വിതരണം ചെയ്യുന്ന എല്ലാവർക്കും നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം. കിണർ ക്ലോറിനേറ്റ് ചെയ്ത തീയതി, ഫിൽറ്ററുകൾ സർവീസ് ചെയ്ത് വിവരങ്ങൾ എന്നിവ പ്രദർശിപ്പിക്കണം. ആഹാരപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ വ്യക്തി ശുചിത്വം ഉറപ്പാക്കണം. രോഗലക്ഷണങ്ങൾ ഉള്ളവർ ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുവാൻ പാടില്ല പകർച്ച വ്യാധികൾക്ക് ഇടയാക്കുന്ന രീതിയിൽ ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നത് പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാണ്

# ആലങ്ങാടും പരിസര പ്രദേശങ്ങളിലും ആരോഗ്യ വകുപ്പിന്റെ പരിശോധന

**കൊച്ചി:** മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ആലങ്ങാടും പരിസര പ്രദേശങ്ങളിലുമുള്ള ഭക്ഷ്യ വിൽപന ശാലകളിൽ ആരോഗ്യ വകുപ്പ് വ്യാപക പരിശോധന നടത്തി. ലൈസൻസ് ഇല്ലാത്തവർ, ജീവനക്കാരുടെ ഹെൽത്ത് കാർഡ് സൂക്ഷിക്കാത്തവർ, കുടിവെള്ള പരിശോധന സർട്ടിഫിക്കറ്റ്, ഹരിതസേന കാർഡ് എന്നിവ ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെയും വൃത്തിഹീനമായ പരിസരങ്ങളിൽ പ്രവർത്തിച്ചുവന്ന സ്ഥാപനങ്ങൾക്കെതിരെയും പരിശോധനയിൽ കർശന നടപടികൾ സ്വീകരിച്ചു. പൊതുജനാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ അസിം ലബ്ബ പുതുപ്പള്ളിൽ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ വി.വി, മണികണ്ഠൻ, കെ.കെ ജെസ്സി, തബിൻ നസീർ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന പൂർത്തിയാക്കിയത്. വരും ദിവസങ്ങളിലും പരിശോധന ശക്തമായി തുടരുമെന്ന് അധികൃതർ അറിയിച്ചു.

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല ബിരുദ പ്രവേശനത്തിന് സ്പോർട്സ്/കൾച്ചറൽ/പിഡി (ഭിന്നശേഷി) കോട്ടകളിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ കോളേജ് നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ പ്രവേശനമെടുക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനമെടുക്കാത്തവരുടെ അലോട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

**എംജിയു ബിരുദ ഏകജാലകം: നടപടിക്രമങ്ങളും നിർദ്ദേശങ്ങളും**

1. അപേക്ഷ നമ്പർ യൂസർ ഐഡിയായി ഉപയോഗിച്ച് നിങ്ങളുടെ CAP അക്കൗണ്ടിൽ ലോഗിൻ ചെയ്യുക.
2. നിങ്ങളുടെ ഓപ്ഷനുകളിൽ ഏതെങ്കിലും കോളേജ് വില്ലിങ്നെസ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുക.
3. ലഭ്യമായ വില്ലിങ്നെസുകളിൽ ഏറ്റവും അഭികാമ്യമായ കോളേജ് പ്രോഗ്രാം കോമ്പിനേഷനുള്ള വില്ലിങ്നെസ് സ്വീകരിക്കുക.
4. സർവകലാശാലയ്ക്ക് അടയ്ക്കേണ്ട ഫീസ് ഓൺലൈനായി അടയ്ക്കുക (ജനറൽ വിഭാഗം: 1,695; എസ്.സി./എസ്.ടി. വിഭാഗം: 50
5. അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക.
6. പ്രവേശനത്തിന് ആവശ്യമായ എല്ലാ അസ്സൽ രേഖകളുമായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി, പ്രവേശന നടപടികൾ പൂർത്തിയാക്കി കോളേജിൽ നിന്ന് സ്ഥിരീകരണ സ്ലിപ്പ് കൈപ്പറ്റുക.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. താൽക്കാലിക അഡ്മിഷൻ ഇല്ല. എല്ലാ പ്രവേശനങ്ങളും സ്ഥിര പ്രവേശനങ്ങളായിരിക്കും.
2. കോളേജുകൾ രേഖപ്പെടുത്തുന്ന വില്ലിങ്നെസ് 24 മണിക്കൂർ മാത്രമേ സജീവമായിരിക്കുകയുള്ളു. അതിനാൽ ഏറ്റവും അഭികാമ്യമായ ഓപ്ഷനിലെ വില്ലിങ്നെസ് 24 മണിക്കൂറിനുള്ളിൽ സ്വീകരിക്കേണ്ടതാണ്.
3. കോളേജ് പ്രോഗ്രാം കോമ്പിനേഷൻ അനുയോജ്യമല്ലെന്ന് തോന്നുന്ന പക്ഷം ആ വില്ലിങ്നസ് സ്വീകരിക്കേണ്ടത് നിർബന്ധമല്ല.4. സർവകലാശാലാ ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത വിദ്യാർത്ഥികൾക്ക് ജൂൺ 22 വരെ കോളേജിൽ പ്രവേശനം നേടാവുന്നതാണ്.
5. ഒരിക്കൽ വില്ലിങ്നസ് സ്വീകരിച്ച്, സർവകലാശാല ഫീസ് അടച്ച്, അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്താൽ പിന്നീട് മാറ്റാൻ സാധിക്കുകയില്ല.
6. സർവകലാശാല ഫീസ് അടയ്ക്കുന്നതിന് മുൻപ് സ്വീകരിച്ച വില്ലിങ്നസ് റദ്ദാക്കാൻ ആഗ്രഹിക്കുന്നവർ, പ്രസ്തുത കോളേജുമായി ബന്ധപ്പെട്ട് വില്ലിങ്നസ് റദ്ദാക്കിക്കണം.
7. നിലവിലെ റാങ്ക് ലിസ്റ്റിന് ജൂൺ 22 വരെ മാത്രമേ പ്രാബല്യമുണ്ടാകൂ. അതിനുശേഷം രണ്ടാം അലോട്ട്മെന്റിനായുള്ള പുതിയ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. ഒന്നാം അലോട്മെന്റിൽ അഡ്മിഷൻ എടുക്കാത്തവർ വീണ്ടും അപേക്ഷ നൽകണം.
8. ഏതെങ്കിലും പ്രത്യേക ഓപ്ഷനിലെ വില്ലിങ്നസ് സ്വീകരിക്കാൻ കോളേജ് അധികൃതർ നിർബന്ധിക്കുന്ന സാഹചര്യം ഉണ്ടായാൽ അത് ഉടൻ സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## എം.എസ്.ഡബ്ല്യു സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ 2026-2028 ബാച്ച് 'മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്' (എംഎസ്ഡബ്ല്യു സെൽഫ് ഫിനാൻസിംഗ്) കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂൺ 20ന് രാവിലെ 10:00 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കമ്മ്യൂണിറ്റി ഡെവലപ്മെൻറ്, സൈക്യാട്രിക് സോഷ്യൽ വർക്ക് എന്നിവയാണ് സ്പെഷ്യലൈസേഷനുകൾ.

ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. സയൻസ് വിഷയങ്ങൾ പഠിച്ചവർക്ക് ഓപ്പൺ കാറ്റഗറിയിൽ 55 ശതമാനവും, ഹ്യുമാനിറ്റീസ് വിഷയങ്ങൾ പഠിച്ചവർക്ക് ഓപ്പൺ കാറ്റഗറിയിൽ 50 ശതമാനവും മാർക്ക് ഉണ്ടായിരിക്കണം. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് ഇരുവിഭാഗത്തിലും 45 ശതമാനം മാർക്ക് മതിയാകും. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി എം.ജി. സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ഐ.യു.സി.ഡി.എസ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക്:www.iucds.mgu.ac.in. ഫോൺ: 9747157323.

## പരീക്ഷാ തീയതി

ആറാം സെസ്റ്റർ (സിബിസിഎസ്) (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷകൾ ജൂൺ 23 മുതൽ നടക്കും.

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബികോം (സിബിസിഎസ്) (2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ബിവോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആൻറ് ഫിറ്റ്നസ് ട്രെയിനിംഗ് (പുതിയ സ്കീം2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഏപ്രിൽ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 22 മുതൽ മാറമ്പള്ളി എംഇഎസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

# ഇന്ധനക്ഷാമമില്ല: ആശങ്ക വേണ്ടെന്ന് ജില്ലാ കളക്ടർ

**കൊച്ചി:** ജില്ലയിൽ പെട്രോൾ, ഡീസൽ എന്നിവക്ക് യാതൊരുവിധ ക്ഷാമവുമില്ലെന്നും പൊതുജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും ജില്ലാ കളക്ടർ ജി പ്രിയങ്ക അറിയിച്ചു.

കേന്ദ്ര സർക്കാരിന്റെ പുതിയ സുരക്ഷാ മാനദണ്ഡങ്ങൾ നിലവിൽ വന്നതുമായി ബന്ധപ്പെട്ടുണ്ടായ ചില ആശയക്കുഴപ്പങ്ങളാണ് നിലവിലെ താല്ക്കാലിക പ്രതിസന്ധിക്ക് കാരണമെന്നും അവർ പറഞ്ഞു.

ക്യാനുകളിൽ ഡീസൽ ലഭിക്കുന്നില്ലെന്ന ബേക്കറി, ഹോട്ടൽ അസോസിയേഷനുകൾ, ചെറുകിട നിർമാണ മേഖലയിലെ ജെസിബിഹിറ്റാച്ചി ഉടമകൾ, ആശുപത്രി പ്രതിനിധികൾ, ഫിഷറീസ് ബോട്ട് ഓണേഴ്സ് എന്നിവരുടെ പരാതികളെ തുടർന്ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന അടിയന്തര യോഗത്തിനുശേഷം വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ജൂൺ 11ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഉത്തരവ് പ്രകാരം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്ന് 200 ലിറ്ററിൽ കൂടുതൽ ഇന്ധനം വാങ്ങുന്ന ബൾക്ക് കൺസ്യൂമേഴ്സിന് മാത്രമാണ് നിയന്ത്രണമുള്ളത്. ചെറുകിട ആവശ്യക്കാർക്കോ വ്യക്തികൾക്കോ വാഹനങ്ങൾക്കോ പ്രതിദിനം 200 ലിറ്റർ വരെ ഇന്ധനം വാങ്ങുന്നതിന് യാതൊരുവിധ വിലക്കുമില്ലെന്ന് ജില്ലാ കളക്ടർ കൂട്ടിച്ചേർത്തു.

സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (പെസോ ) അംഗീകരിച്ച പ്രത്യേക കണ്ടെയ്നറുകളിൽ മാത്രമേ ഇന്ധനം നൽകാവൂ എന്ന് കർശന നിർദ്ദേശമുണ്ട്. മുൻപും ഈ നിയമം ഉണ്ടായിരുന്നുവെങ്കിലും പുതിയ ഉത്തരവോടെ ഇത് നിർബന്ധമാക്കിയിരിക്കുകയാണ്. പ്ലാസ്റ്റിക് കുപ്പികളിലോ സാധാരണ ക്യാനുകളിലോ ഇന്ധനം കൊണ്ടുപോകുന്നത് സുരക്ഷാ ഭീഷണിയായതിനാലാണ് പെസോ അംഗീകൃത കണ്ടെയ്നറുകൾ വേണമെന്ന് നിഷ്കർഷിക്കുന്നത്.

നിലവിൽ ഇത്തരം ക്യാനുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ പെട്രോൾ പമ്പുകളിൽ തന്നെ ഇവ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അടുത്ത മൂന്നോ നാലോ ദിവസങ്ങൾക്കുള്ളിൽ ക്യാനുകളുടെ ലഭ്യത ഉറപ്പാക്കി ഇന്ധന വിതരണം പൂർണ്ണമായും സാധാരണ നിലയിലാകുമെന്നാണ് പ്രതീക്ഷയെന്നും ജില്ലാ കളക്ടർ പറഞ്ഞു. വ്യാജ പ്രചാരണങ്ങളിൽ പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും അവർ കൂട്ടിച്ചേർത്തു.



**ലിങ്ക്ടെക് നൈപുണ്യ വികസന കേന്ദ്രം പ്രവർത്തനോദ്ഘാടനം ഫാ. ഡോ. ജോഷി മായാട്ടിൽ നിർവഹിക്കുന്നു. ബെൻസൺ ജോസഫ്, ഫാ.ജെഫിൻ ജോസ്, ഫാ.ഡോ.അനൂപ് കളത്തിത്തറ, കൗൺസിലർ മോളി ചാർളി, കെ ഹരികുമാർ, കെ ജിതിൻ ജോസ്, സുജിത്, പ്രദേഷ്, മുരളീദാസ് സാഗർ, ആദിത്യൻ എന്നിവർ സമീപം.**

# ലിങ്ക്ടെക് നൈപുണ്യ വികസന കേന്ദ്രം തുറന്നു

**കൊച്ചി:** കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളുടെ ഇമ്പ്ലിമെന്റിങ് ഏജൻസിയായ (പിഐഎ) ലിങ്ക്ടെക് പുതിയ നൈപുണ്യ വികസന കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. സംസ്കാര ജംഗ്ഷനിലെ സന കോംപ്ലക്സിൽ ആരംഭിച്ച കേന്ദ്രം ഫാ. ഡോ. ജോഷി മായാട്ടിൽ ഉദ്ഘാടനം ചെയ്തു. ഫാ.ഡോ.അനൂപ് കളത്തിത്തറ, ഫാ.ജെഫിൻ ജോസ്, കൗൺസിലർ മോളി ചാർളി, സിഇഒ ഫ്രാൻസിസ് എഡ്വിൻ, ഡയറക്ടർമാരായ സുജിത്ത് സുധകരാൻ,കെ ഹരികുമാർ, പ്രദീഷ് ടി പി, ജിതിൻ ജോസ്കെ, കെ സി ശശി, മുരളീദാസ് സാഗർ, ആദിത്യൻ അനിൽ,ജനറൽ മാനേജർ ബെൻസൺ ജോസഫ്, എന്നിവർ പങ്കെടുത്തു.

പ്രധാനമന്ത്രി കൗശൽ വികാസ് യോജന, ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശൽ യോജന, ദീനദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം എന്നിവയിലൂടെ ലിങ്ക്ടെക് ഇതിനകം ദശലക്ഷക്കണക്കിനു ആളുകളെ തൊഴിൽ സജ്ജരാക്കിയിട്ടുണ്ട്. എൻ എസ് ഡി സി, കെസ്, അസാപ്, കുടുംബശ്രീ എസ് ആർ എൽ എം സ്റ്റേറ്റ് അർബൻ ലൈവ്‌ലിഹുഡ്സ് മിഷൻ എന്നിവയുമായി സഹകരിച്ചാണ് ലിങ്ക്ടെക് പ്രവർത്തിക്കുന്നത്.

## വായനാപക്ഷാചരണം ജില്ലാ തല ഉദ്ഘാടനം 19 ന്

**കൊച്ചി:** ജില്ലാ ഭരണകൂടം, ജില്ലാ ലൈബ്രറി കൗൺസിൽ, പി. എൻ. പണിക്കർ ഫൗണ്ടേഷൻ, പൊതു വിദ്യാഭ്യാസ വകുപ്പ്, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, എറണാകുളം എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വായനാ പക്ഷാചരണം ജില്ലാതല ഉദ്ഘാടനം ജൂൺ 19 രാവിലെ 10 ന് തൃക്കാക്കര കാർഡിനൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ ജി പ്രിയങ്ക അധ്യക്ഷത വഹിക്കും.

രാവിലെ 9 ന് പുസ്തക പ്രദർശനത്തോടെ പരിപാടി ആരംഭിക്കും. പത്തിന് ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി. കെ. വേലായുധൻ സ്വാഗതം പറയും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഷാജി പ്രണത വായനദിന സന്ദേശം നൽകും. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ സുബിൻ പോൾ പി. എൻ. പണിക്കർ അനുസ്മരണം നടത്തും. പി. എൻ. പണിക്കർ ഫൗണ്ടേഷൻ ജില്ലാ കോർഡിനേറ്റർ അനുപമ ഉണ്ണികൃഷ്ണൻ വായനദിന പ്രതിജ്ഞ ചൊല്ലി കൊടുക്കും. തൃക്കാക്കര മുനിസിപ്പൽ കൗൺസിലർ റമീസ പി. എ., കാർഡിനൽ ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ തോമസ് നങ്ങേലിമൂട്ടിൽ, ഹെഡ്മിസ്ട്രസ് എൽസി ജോസഫ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തും. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി. ജി. സജീവ് കൃതജ്ഞത രേഖപ്പെടുത്തും.

## മൂട്ട് കോർട്ട് ട്രെയിനർമാരെ ആവശ്യമുണ്ട്

**കൊച്ചി:** നുവാൽസിലേക്ക് മൂട്ട് കോർട്ട് ട്രെയിനർമാരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ഒന്നാം ക്ലാസ് എൽഎൽഎം ബിരുദാനന്തര ബിരുദം, ദേശീയ മൂട്ട് കോർട്ട് മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള മുൻപരിചയം. എൽഎൽഎം യോഗ്യതയില്ലാത്ത, ദേശീയ അന്തർദേശീയ മൂട്ട് കോർട്ട് മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ നിർദിഷ്ട മാതൃകയിൽ രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എച്ച് എം ടി കോളനി പി.ഒ, കളമശ്ശേരി 683503 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അവസാനതീയതി: 24.06.2026. വിശദമായ വിജ്ഞാപനത്തിന്: www.nuals.ac.in, വിവരങ്ങൾക്ക് 04842555990.

# പുതുതലമുറ കൃഷിയുമായി വീണ്ടും കൈകോർക്കണം: കൃഷിമന്ത്രി ടി.സിദ്ദിഖ്

**തിരുവനന്തപുരം:** ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പദ്ധതിയുടെ ഭാഗമായി മരിയൻ എഡ്യൂസിറ്റി ക്യാമ്പസിൽ നാടൻ അഗ്രോ ഫാമിന്റെ നേതൃത്വത്തിൽ 6 ഏക്കറിൽ ആരംഭിച്ച പുഷ്പകൃഷിയുടെ ഉദ്ഘാടനം നിർവഹിച്ച കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ്, വെള്ളായണി കാർഷിക കോളേജിലെയും അറ്റിങ്ങൽ ഗവ. വിഎച്ച് എസ്എസിലെയും വിദ്യാർത്ഥികളുമായി സംവദിച്ച് കൃഷിയുടെ പ്രാധാന്യവും വിഷരഹിത ഭക്ഷ്യോൽപ്പാദനത്തിന്റെ ആവശ്യകതയും പങ്കുവെച്ചു.

പുതിയ തലമുറയും കാർഷിക മേഖലയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മന്ത്രി വിദ്യാർത്ഥികളോട് പങ്കുവച്ചു. കേരളത്തിന്റെ ആരോഗ്യ സംരക്ഷണം നമ്മുടെ കൃഷിയിടങ്ങളിൽ നിന്നാണ് ആരംഭിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളെ ആശ്രയിക്കുന്ന സാഹചര്യം മാറണമെന്നും ഓരോ കുടുംബവും സ്വന്തമായി ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന സംസ്കാരത്തിലേക്ക് മടങ്ങിവരണമെന്നും സിദ്ദിഖ് അഭിപ്രായപ്പെട്ടു.

അടുക്കളത്തോട്ടങ്ങളിലൂടെയും മട്ടുപ്പാവ് കൃഷിയിലൂടെയും യുവജനങ്ങൾക്ക് കാർഷിക മേഖലയുമായി ബന്ധപ്പെടാൻ കഴിയുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പഴയ തലമുറയിൽ നിന്ന് അകന്നുപോയ കാർഷിക മേഖലയുമായുള്ള 'പൊക്കിൾക്കൊടി ബന്ധം' പുതിയ തലമുറ വീണ്ടെടുക്കേണ്ട സമയമാണിതെന്നും സമ്പത്തും ആരോഗ്യവും ഒരുപോലെ വീണ്ടെടുക്കാൻ സഹായിക്കുന്ന മേഖലയാണ് കൃഷിയെന്നും സിദ്ദിഖ് വിദ്യാർത്ഥികളോട് പറഞ്ഞു.

കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃഷി വകുപ്പ് കതിർ എന്ന പേരിൽ കാർഷിക ക്ലബ്ബുകൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ തുടക്കം കുറിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഓരോ ക്ലബ്ബിനും ഒരു നോഡൽ അധ്യാപകൻ, പ്രാദേശിക ജനപ്രതിനിധി, പി.ടി.എ പ്രതിനിധി, പ്രദേശത്തെ മികച്ച കർഷക പ്രതിനിധി എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. സ്കൂൾ ക്യാമ്പസുകളിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിലോ വിദ്യാർത്ഥികൾക്ക് കൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുമെന്നും കൃഷി വകുപ്പ് ആവശ്യമായ സാങ്കേതിക മാർഗനിർദേശങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

സ്കൂളുകളിൽ ആരംഭിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ ഓരോ വിദ്യാർത്ഥിയുടെയും വീട്ടുമുറ്റത്തേക്ക് വ്യാപിപ്പിക്കുകയാണ് കൃഷി വകുപ്പിന്റെ ലക്ഷ്യമെന്ന് മന്ത്രി വ്യക്തമാക്കി. വിവിധ തലങ്ങളിൽ മികച്ച കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥി കർഷകരെ ആദരിക്കുന്നതിനും ഭാവിയിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് വിദ്യാർത്ഥി കർഷകർക്ക് ഗ്രേസ് മാർക്ക് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പരിഗണിക്കുമെന്നും സിദ്ദിഖ് പറഞ്ഞു. വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ കഴിയുകയാണെങ്കിൽ കേരളത്തിന്റെ കാർഷിക ഭാവി കൂടുതൽ സുരക്ഷിതമാകുമെന്നും സിദ്ദിഖ് കൂട്ടിച്ചേർത്തു.

വിഷരഹിത ഭക്ഷ്യോൽപ്പാദനത്തിലും പ്രകൃതിസൗഹൃദ കൃഷിരീതികളുടെ പ്രചാരണത്തിലും യുവജനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണെന്ന് മന്ത്രി വ്യക്തമാക്കി. നൂതന കാർഷിക ആശയങ്ങൾ പ്രായോഗികമാക്കുന്നതിലും കാർഷിക സംരംഭകത്വം വളർത്തിയെടുക്കുന്നതിലും വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

സംസ്ഥാനത്ത് യുവജനങ്ങൾ കാർഷിക മേഖലയിലേക്ക് കടന്നുവരേണ്ടതിന്റെ മികച്ച മാതൃകയാണ് നാടൻ അഗ്രോ ഫാമിന്റെ സ്ഥാപകനും യുവ കർഷകനുമായ എസ്.വി. സുജിത്ത് മുന്നോട്ടുവെയ്ക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സർക്കാർ പ്രഖ്യാപിച്ച 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം' പദ്ധതിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മരിയൻ എഡ്യൂസിറ്റി ക്യാമ്പസിലെ 6 ഏക്കർ തരിശ് ഭൂമി ഏറ്റെടുത്ത് പുഷ്പകൃഷി ആരംഭിച്ചതും യുവജനങ്ങൾക്ക് മാതൃകാപരമായ പ്രവർത്തനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



നൂതന കാർഷിക ആശയങ്ങളെ പ്രായോഗികമാക്കി കൃഷിയെ ഒരു സംരംഭമായി വളർത്തിയെടുക്കുന്നതിൽ എസ്.വി. സുജിത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെന്നും അദ്ദേഹം യുവജനതയ്ക്ക് മാതൃകയാണെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് കാർഷിക മേഖലയിൽ നേരിട്ടുള്ള അനുഭവങ്ങളും പരിശീലന അവസരങ്ങളും സൃഷ്ടിക്കുന്ന ഇത്തരം സംരംഭങ്ങൾ കേരളത്തിന്റെ കാർഷിക ഭാവിക്ക് വലിയ പ്രതീക്ഷ നൽകുന്നതായും സിദ്ദിഖ് കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാരിന്റെ 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം' പദ്ധതി പച്ചക്കറിയുടെയും പുഷ്പങ്ങളുടെയും ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുന്നതിനും തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനുമുള്ള ജനകീയ മുന്നേറ്റമാണെന്ന് മന്ത്രി പറഞ്ഞു. സർക്കാർ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികളോട് സമൂഹം കൈകോർക്കുന്നതിന്റെ മികച്ച മാതൃകയാണ് നാടൻ അഗ്രോ ഫാമിന്റെ നേതൃത്വത്തിൽ മരിയൻ എഡ്യൂസിറ്റി ക്യാമ്പസിൽ ആരംഭിച്ച പുഷ്പകൃഷിയെന്നും സിദ്ദിഖ് കൂട്ടിച്ചേർത്തു.

അഭിവന്ദ്യ പിതാവ് സൂസപാക്യത്തിന്റെ ദീർഘവീക്ഷണത്തിൽ രൂപംകൊണ്ട മരിയൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾക്കൊപ്പം കാർഷിക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നത് അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു. നിലവിൽ സെന്റ് സേവ്യേഴ്സ് കോളേജിലെ 20 ഏക്കറും മരിയൻ എഞ്ചിനീയറിങ് കോളേജിലെ 15 ഏക്കറും ഉൾപ്പെടെ 35 ഏക്കർ സ്ഥലത്താണ് നാടൻ അഗ്രോ ഫാമിന്റെ നേതൃത്വത്തിൽ വിവിധ കൃഷിപ്രവർത്തനങ്ങൾ നടക്കുന്നത്.

തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിലും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. കേരളത്തെ കാർഷികോൽപ്പാദനത്തിൽ കൂടുതൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിവരുന്നതെന്നും കർഷകരോടൊപ്പം സർക്കാർ എല്ലായ്പ്പോഴും ഉണ്ടാകുമെന്നും സിദ്ദിഖ് കൂട്ടിച്ചേർത്തു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കൃഷി വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുമെന്നും നൂതന കാർഷിക ആശയങ്ങൾ വേഗത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ 64 ഫാമുകളെ ബന്ധിപ്പിച്ച് അഗ്രി ടൂറിസം ശൃംഖല വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നതായി അദ്ദേഹം പറഞ്ഞു.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോളി പത്രോസ് അധ്യക്ഷത വഹിച്ചു. കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസ് നിക്കോളാസ്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഭുവനചന്ദ്രൻ നായർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീന ബീഗം, പ്രിൻസിപ്പൽ കൃഷി ഓഫീസർ ദീപ വി., വെള്ളായണി കാർഷിക കോളേജ് ഡീൻ ഡോ. ജേക്കബ് ജോൺ, മരിയൻ എഞ്ചിനീയറിങ് കോളേജ് മാനേജർ റവ. ഫാ. ഡോ. എ.ആർ. ജോൺ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പിഎംവിബിആർവൈ ആനുകൂല്യ വിതരണവും ബോധവൽക്കരണ പരിപാടിയും ജൂൺ 19ന് കോഴിക്കോട്

**കോഴിക്കോട്:** എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) റീജിയണൽ ഓഫീസ് 2026 ജൂൺ 19 ന് വൈകുന്നേരം 04.30 ന് കോഴിക്കോട് കല്ലായി റോഡിലുള്ള കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ഹാളിൽ പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗർ യോജന (ജങഢആഞഥ) ആനുകൂല്യ വിതരണവും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിക്കുന്നു. ന്യൂഡൽഹിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അധ്യക്ഷത വഹിക്കുന്ന ദേശീയ പരിപാടിയുടെ ഭാഗമാണിത്. ഏകദേശം 200 വ്യാവസായിക ക്ലസ്റ്ററുകളിലും സംസ്ഥാന തലസ്ഥാനങ്ങളിലും സമാന്തരമായി നടക്കുന്നുണ്ട്.

സംസ്ഥാന തൊഴിൽ വകുപ്പ്, ജനപ്രതിനിധികൾ, തൊഴിലുടമകൾ, പിഎംവിബിആർവൈ ഗുണഭോക്താക്കൾ എന്നിവർ തമ്മിലുള്ള ആശയവിനിമയം നടത്തുന്നതിനാണ് പരിപാടി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം പുതുതായി ജോലിയിൽ ചേർന്ന തൊഴിലാളികൾക്ക് തൊഴിലുടമകളുടെ നിയമന കത്തിന്റെ വിതരണവും നടക്കും. തൊഴിലുടമകൾക്കും ജീവനക്കാർക്കും ഇടയിൽ ക്ഷേമ പദ്ധതികൾ, ഇപിഎഫ്ഒയുടെ പുതിയ സേവനങ്ങൾ എന്നിവയിൽ വിശാലമായ അവബോധം സൃഷ്ടിക്കുകയെന്നതും പരിപാടിയുടെ ലക്ഷ്യമാണ്.

കോഴിക്കോട് മേഖലയിൽ, 3567 സ്ഥാപനങ്ങൾ പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 59,230 അംഗങ്ങൾ ചേർന്നു. 2026 ജൂൺ 15 വരെ ഇതിൽ 22,715 പുതിയ അംഗങ്ങളും 36,515 പുനർ നിയമനം ലഭിച്ച അംഗങ്ങളും ഉൾപ്പെടുന്നു.

ആദ്യമായി ഇപിഎഫ്ഒ അംഗത്വം നേടുന്ന, പ്രതിമാസ വേതനം 1 ലക്ഷം രൂപ വരെ ലഭിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യം ലഭ്യമാക്കുന്ന, തൊഴിൽ ബന്ധിത പ്രോത്സാഹന പദ്ധതിയിലെ നാഴികക്കല്ലാണ് പിഎംവിബിആർവൈ. യോഗ്യരായ ജീവനക്കാർക്ക് ഒരു മാസത്തെ വേതനത്തിന് തുല്യമായ (പരമാവധി 15,000 രൂപ) രണ്ട് ഗഡുക്കളായി ഇൻസെന്റീവ് ലഭിക്കും. ആദ്യ ഗഡു 6 മാസത്തെ തുടർച്ചയായ ജോലിക്ക് ശേഷമാണ് ലഭിക്കുന്നത്. രണ്ടാമത്തേതിന് 12 മാസത്തെ തൊഴിൽ, സാമ്പത്തിക സാക്ഷരതാ കോഴ്സ് പൂർത്തിയാക്കൽ എന്നിവ ആവശ്യമാണ്. പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിന് തൊഴിലുടമകൾക്ക് (ഒരു ജീവനക്കാരന് പ്രതിമാസം 3,000 രൂപ വരെ) പ്രോത്സാഹനവും ഈ പദ്ധതി നൽകുന്നു. 2025 ഓഗസ്റ്റ് ഒന്നിനും 2027 ജൂലൈ 31 നും ഇടയിൽ സൃഷ്ടിക്കപ്പെട്ട എല്ലാ ജോലികൾക്കും ആനുകൂല്യങ്ങൾ ബാധകമാണ്. കൂടാതെ ഉൽപാദന മേഖലയ്ക്ക് ഈ പദ്ധതിയുടെ കാലാവധി 2029 ജൂലൈ 31 വരെയാണ്.

# സാഹിത്യ പരിഷത്ത് വായന മഹോത്സവ സെമിനാർ 20 ന്

**കൊച്ചി:** മലയാള ഭാഷയുടെ ചരിത്രവും ഔന്നത്യവും ഓർമിപ്പിച്ച് സമസ്ത കേരള സാഹിത്യ പരിഷത്ത് വായന മഹോത്സവം സംഘടിപ്പിക്കുന്നു. ഗ്രന്ഥശാല സ്ഥാപകനായ പി.എൻ. പണിക്കരെ അനുസ്മരിച്ച് ജൂൺ 20 ന് വായന എന്ന ലഹരി എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. വൈകീട്ട് മൂന്നിന് പരിഷത്ത് ജി. ഓഡിറ്റോറിയത്തിൽ സെമിനാർ ദേശമംഗലം രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സമസ്ത കേരള സാഹിത്യ പരിഷത്ത് പ്രസിഡന്റ് ഡോ. ടി. എസ്. ജോയ് അധ്യക്ഷത വഹിക്കും. വൈസ് പ്രസിഡന്റ് ഡോ. എം.സി. ദിലീപ് കുമാർ പി . എൻ. പണിക്കരെ അനുസ്മരിക്കും. ട്രഷറർ ഡോ. അജിതൻ മേനോത്ത്, സെക്രട്ടറി അഡ്വ എം.കെ. ശശീന്ദ്രൻ , ഗ്രന്ഥശാല സെക്രട്ടറി ഖദീജ സെയ്തുമുഹമ്മദ്, ജനറൽ സെക്രട്ടറി ഡോ. നെടുമുടി ഹരിക്കുമാർ, സെക്രട്ടറി ശ്രീമൂലനഗരം മോഹനൻ എന്നിവർ പ്രസംഗിക്കും.

## വാക്ഇൻഇന്റർവ്യൂ

**മൂവാറ്റുപുഴ:** മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിക്കുന്നു. എം.എ സൈക്കോളജി അല്ലെങ്കിൽ എം.എസ്.ഡബ്ല്യൂ ആണ് യോഗ്യത. സ്റ്റുഡന്റ്സ് കൗൺസിലിംഗിൽ പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടാകും.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, 2 പാസ്പോർട്ട് സൈസ് ഫോട്ടോ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, അഡ്രസ് പ്രൂഫ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം 26ന് രാവിലെ 10.30ന് മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നടക്കുന്ന വാക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണം.ഫോൺ: 04852970337

# മൂന്നാമത് സിനർജി ഫുഡ് എക്സ്പോ ജൂലൈ ഒന്ന് മുതൽ മൂന്ന് വരെ

**കൊച്ചി:** ഫുഡ് ബിസിനസ് മേഖലയിലെ പുതുമകൾ പരിചയപ്പെടുത്തുന്നതിനായി സിനർജി എക്സ്പോഷേഴ്സ് ആൻഡ് ഇവന്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിക്കുന്ന ബി2ബി എക്സ്പോയുടെ മൂന്നാമത് എഡിഷൻ കോയമ്പത്തൂരിലെ കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിൽ ജൂലൈ ഒന്ന് മുതൽ മൂന്ന് വരെ നടക്കും.

മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ്, മിനിസ്ട്രി ഓഫ് മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ്, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, നാഷണൽ ടർമറിക് ബോർഡ് എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന എക്സ്പോയിൽ ഫുഡ് ആൻഡ് ബിവറേജ് മാനുഫാക്ചറിംഗ്, ബേക്കറി, ഫുഡ് പ്രോസസിംഗ്, ഹോസ്പിറ്റാലിറ്റി, അനുബന്ധ വ്യവസായങ്ങൾ തുടങ്ങി 300 ലേറെ കമ്പനികൾ അവരുടെ ഏറ്റവും പുതിയ എഐ, റോബോട്ടിക് സാങ്കേതികവിദ്യ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളും ബ്രാൻഡുകളും പ്രദർശിപ്പിക്കും.

ഇന്ത്യയ്ക്ക് പുറമേ നേപ്പാൾ, ശ്രീലങ്ക, ഗൾഫ് തുടങ്ങ 36 രാജ്യങ്ങളിൽ നിന്നായി മുന്നൂറോളം എക്സിബിറ്റേഴ്സാണ് രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ ഫുഡ് ബിസിനസ് എക്സ്പോയുടെ ഭാഗമായെത്തുന്നതെന്ന് സിനർജി എക്സ്പോഷേഴ്സ് ആൻഡ് ഇവന്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് ജി.ശശികുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു. അൻപതിലേറെ പ്രൊഡക്ട് ലോഞ്ചുകളും സാങ്കേതിക പ്രദർശനങ്ങളും ശില്പശാലകളും മേളയുടെ ഭാഗമായുണ്ടാകും. 30,000 ലേറെ സന്ദർശകരെയാണ് മൂന്ന് ദിവസമായി നടക്കുന്ന മേളയിൽ പ്രതീക്ഷിക്കുന്നത്.

കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ(കെ.എസ്.എസ്.ഐ.എ), അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള(എ.എ.സി.എച്ച്.കെ), കേരള ഹോട്ടൽ ആൻഡ് റെസ്റ്ററന്റ് അസോസിയേഷൻ (കെ.എച്ച്.ആർ.എ), സൗത്ത് ഇന്ത്യ ഷെഫ് അസോസിയേഷൻ (എസ്.ഐ.സി.എ), കേരള കാറ്ററേഴ്സ് അസോസിയേഷൻ (കെ.സി.എ) തുടങ്ങിയ സംഘടനകളുടെ സഹകരണം എക്സ്പോയിലുണ്ട്.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.fdpexpo.com/visitorregtsiration/ എന്ന ലിങ്ക് വഴിയോ 95516 65441 എന്ന മൊബൈൽ നമ്പറിലൂടെയോ രജിസ്റ്റർ ചെയ്യാം.

പത്രസമ്മേളനത്തിൽ, ഹോസ്പിറ്റാലിറ്റി പർച്ചേഴ്സ് മാനേജേഴ്സ് ഫോറം ചാപ്റ്റർ ഹെഡ് രാജേഷ് നായർ, കേരള കാറ്ററേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പി.പി. ബാബു, കേരള കാറ്ററേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ചാൾസ് ജോൺസൺ, കേരള പ്രൊഫഷണൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ബിന്ദു, സിനർജി എക്സ്പോഷേഴ്സ് ആൻഡ് ഇവന്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് ജി.ശശികുമാർ എന്നിവർ പങ്കെടുത്തു.

# സർവം എഐയിൽ എച്ച്സിഎല്ലിന് നിക്ഷേപം




**ബംഗളൂരു:** ഇന്ത്യയിൽ എൻജിനിയറിംഗ് കഴിവുകൾക്കോ വിപണിയുടെ വ്യാപ്തിക്കോ യാതൊരു കുറവുമില്ല. എങ്കിലും മറ്റ് രാജ്യങ്ങളിൽ നിർമിക്കപ്പെടുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യകളുടെ വെറുമൊരു ഉപഭോക്താവായി മാത്രമാണ് ഇന്ത്യ ഇതുവരെ പ്രധാനമായും തുടർന്നത്.

ചാറ്റ്ജിപിടിക്കും ആന്ത്രോപിക്കിനും ബദലായി ബംഗളൂരു ആസ്ഥാനമായുള്ള സർവം എന്ന സ്റ്റാർട്ടപ്പ് ഇന്ത്യയിലെ ഭാഷാ വൈവിധ്യങ്ങളും ദേശീയ താത്പര്യങ്ങളും സംരക്ഷിച്ചും പ്രാദേശിക ആവശ്യങ്ങൾക്കു മുൻഗണന നൽകിയും സ്വന്തമായി വികസിപ്പിച്ച ആർട്ടിഫിഷൽ സാങ്കേതികവിദ്യയാണ് സർവം എഐ. 2023 ജൂലൈയിൽ ഐഐടി മദ്രാസിലെ ഗവേഷകരായിരുന്ന വിവേക് രാഘവനും പ്രത്യുഷ് കുമാറും ചേർന്നാണ് ഈ സ്റ്റാർട്ടപ്പ് സ്ഥാപിച്ചത്.

ഇന്ത്യൻ കമ്പനി വികസിപ്പിച്ചെടുത്ത ആർട്ടിഫിഷൽ ഇന്റലിജൻസ് പ്ലാറ്റ്ഫോമായ സർവം എഐക്ക് വൻ നിക്ഷേപം. എച്ച്സിഎൽ ടെക് ആണ് 1,427 കോടി രൂപയുടെ നിക്ഷേപം സർവം എഐയിൽ നടത്തിയത്.

10.46 ശതമാനം ഓഹരിപങ്കാളിത്തമാണ് എച്ച്സിഎൽ നേടിയിരിക്കുന്നത്. എച്ച്സിഎൽ ടെക്കും ബെസ്സമർ വെഞ്ചർ പാർട്ണേഴ്സും നേതൃത്വം നൽകിയ ഈ ഫണ്ടിംഗ് റൗണ്ടിൽ കമ്പനിയുടെ നിലവിലുള്ള നിക്ഷേപകരായ ഖോസ്‌ല വെഞ്ചേഴ്സും പീക്ക് എക്സ് വി പാർട്ണേഴ്സും പങ്കാളികളായി. ഈ പുതിയ നിക്ഷേപത്തോടെ കന്പനിയുടെ വിപണി മൂല്യം 1.5 ബില്യൺ ഡോളറായി ഉയർന്നു.

കമ്പനികൾക്ക് അവരുടെ ആവശ്യാനുസരണം ഉപയോഗിക്കാനാകുന്ന സവിശേഷമായ എഐ മോഡലുകൾ സംയുക്തമായി വികസിപ്പിക്കാൻ പുതിയ നിക്ഷേപത്തിലൂടെ സർവം എഐക്ക് സാധിക്കും. ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ കൃത്യതയോടെ പ്രവർത്തിക്കുന്ന എഐ സംവിധാനങ്ങൾ എച്ച്സിഎൽ ടെക്കിന്റെ ആഗോള ഉപയോക്താക്കൾക്ക് ലഭ്യമാക്കും.

കഴിഞ്ഞ വർഷം അവസാനത്തോടെ പ്രമുഖ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടായ ലൈറ്റ്സ്പീഡിൽ നിന്നും ഖോസ്‌ല വെഞ്ചേഴ്സ്, പീക്ക് എക്സ് വി പാർട്ണേഴ്സ് എന്നിവരിൽ നിന്നും ഏകദേശം 340 കോടി രൂപയുടെ ഫണ്ട് സമാഹരിക്കാൻ സർവം എഐക്ക് സാധിച്ചിരുന്നു.

ജനറേറ്റീവ് എഐ വിപണിയിൽ ആധിപത്യം ഉറപ്പിക്കാൻ ആഗോള ഐടി കമ്പനികൾ മത്സരിക്കുന്ന സമയത്താണ് എച്ച്സിഎൽ ടെക്കിന്റെ ഈ നീക്കം. വരും വർഷങ്ങളിൽ ഇന്ത്യൻ ഐടി മേഖലയിൽ ജനറേറ്റീവ് എഐ വരുത്തുന്ന വിപ്ലവകരമായ മാറ്റങ്ങളുടെ തുടക്കമായാണ് വിപണി വിദഗ്ധർ ഈ നിക്ഷേപത്തെ വിലയിരുത്തുന്നത്.

ടെക്സ്റ്റ് ടു സ്പീച്ച് കൺവേർഷനുള്ള ബുൾബുൾ വി2, വിദ മോഡലുകൾ, സ്പീച്ച് ടു ടെക്സ്റ്റ്, പ്രിന്റഡ് രേഖകൾ ഡിജിറ്റൈസ് ചെയ്യാനുള്ള സർവം വിഷൻ, പരിഭാഷ, വീഡിയോ മറ്റു ഭാഷകളിലേക്കു മാറ്റാനുള്ള എഐ വോയ്സ് ക്ലോണിംഗ്, കസ്റ്റമർ കെയർ ആവശ്യങ്ങൾക്കും മറ്റുമുള്ള കോൺവർസേഷണൽ ഏജന്റ് തുടങ്ങിയവയാണ് സർവം കഴിഞ്ഞ മാസങ്ങളിൽ പുറത്തിറക്കിയത്.

# മഹീന്ദ്ര ഥാർ റോക്സ് സ്റ്റാർ എഡിഷൻ വിപണിയിൽ



**കൊച്ചി:** പ്രമുഖ വാഹനനിർമാതാക്കളായ മഹീന്ദ്രയുടെ ഏറ്റവും പുതിയ എസ്‌യുവി മോഡലായ ഥാർ റോക്സ് സ്റ്റാർ എഡിഷൻ വിപണിയിലെത്തി. അധിക കരുത്തും അത്യാധുനിക ആഡംബര സൗകര്യങ്ങളുമായാണ് ഥാർ റോക്സ് സ്റ്റാർ എഡിഷന്റെ പ്രത്യേകത.

17.19 ലക്ഷം രൂപ മുതലാണ് പ്രാരംഭ എക്സ് ഷോറൂം വില. വൈവിധ്യമാർന്ന മാറ്റങ്ങളോടെയാണു ഥാർ റോക്സ് സ്റ്റാർ എഡിഷൻ രൂപകല്പന ചെയ്തിരിക്കുന്നത്. മുൻവശത്തെ പിയാനോ ബ്ലാക്ക് ഗ്രില്ലും പിയാനോ ബ്ലാക്ക് ഫിനിഷിലുള്ള അലോയ് വീലുകളും വാഹനത്തിന് കൂടുതൽ സ്പോർട്ടി ലുക്ക് നൽകുന്നു. പ്രീമിയം ലുക്ക് നൽകുന്ന തരത്തിൽ ബ്ലാക്ക് ലെതററ്റ് സീറ്റുകളും അതിൽത്തന്നെ സ്വീഡ് ആക്സന്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് ആകാശക്കാഴ്ചകൾ കാണാൻ വിശാലമായ പനോരമിക് സ്കൈ റൂഫും സജ്ജീകരിച്ചിട്ടുണ്ട്. എവറസ്റ്റ് വൈറ്റ്, സിട്രൈൻ യെല്ലോ, ടാംഗോ റെഡ് എന്നീ മൂന്നു നിറങ്ങളിൽ വാഹനം ലഭ്യമാണ്.

# ദേശീയ മറൈൻ ഇക്കോലേബലിംഗ് മാർഗ്ഗരേഖാ കരട് തയ്യാറാക്കി സിഎംഎഫ്ആർഐ

■ മത്സ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് മുൻഗണന

**കൊച്ചി:** രാജ്യത്തെ സമുദ്രോൽപന്നങ്ങളുടെ ആഗോള വിപണിയിലെ സ്വീകാര്യത വർധിപ്പിക്കുന്നതിനും സീഫുഡ് സർട്ടിഫിക്കേഷൻ കൂടുതൽ സുതാര്യമാക്കുന്നതിനുമായി ഇന്ത്യയിലാദ്യമായി ദേശീയ മറൈൻ ഇക്കോലേബലിംഗ് മാർഗ്ഗരേഖയുടെ കരട് രൂപരേഖ തയ്യാറാക്കി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ഇന്ത്യയിൽ നിന്നുള്ള സീഫുഡ് സർട്ടിഫിക്കേഷൻ നടപടികളെ നിയന്ത്രിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള സമഗ്രമായ രൂപരേഖയാണ് സിഎംഎഫ്ആർഐ പ്രസിദ്ധീകരിച്ചത്. ഇന്ത്യൻ സമുദ്രോൽപന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ സുസ്ഥിരതാ സർട്ടിഫിക്കേഷനുകൾക്കായുള്ള ആവശ്യം ഏറിവരുന്ന സാഹചര്യത്തിലാണ് ഈ നീക്കം. പല പ്രമുഖ അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ ഏജൻസികളും രാജ്യത്ത് പ്രവർത്തനം വ്യാപിപ്പിക്കാൻ ഒരുങ്ങുന്ന വേളയിൽ ഇതിന് പ്രാധാന്യമേറെയാണ്.

പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനൊപ്പം, രാജ്യത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് മാത്രമേ ഇത്തരം സർട്ടിഫിക്കേഷൻ നടപടികൾ നടപ്പിലാക്കാവൂവെന്നതാണ് കരട് രൂപരേഖയിലെ പ്രധാന നിർദേശം. വിപണി കേന്ദ്രീകൃതമായ സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ ചെറുകിടപരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കണം. ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് സർട്ടിഫിക്കേഷൻ പ്രക്രിയകളിൽ തുല്യമായ പങ്കാളിത്തം ഉറപ്പാക്കണമെന്നും നിർദേശമുണ്ട്.

വിപണിയിലെത്തുന്ന മത്സ്യങ്ങളും മറ്റ് സമുദ്രോൽപന്നങ്ങളും പരിസ്ഥിതിക്ക് കോട്ടംവരുത്താത്ത രീതിയിലും ഉത്തരവാദിത്തത്തോടെയും പിടിച്ചെടുത്തതാണെന്ന് ഉറപ്പുവരുത്തുന്ന നടപടിയാണ് ഇക്കോലേബലിംഗ്.

ഇത് സീഫുഡ് ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യതയും പ്രീമിയം വിലയും ലഭിക്കാൻ സഹായിക്കും.

നിലവിൽ ഇത്തരം സർട്ടിഫിക്കേഷൻ നടപടികൾ നിയന്ത്രിക്കുന്നതിന് ഇന്ത്യയിൽ ദേശീയ സംവിധാനമില്ല. എന്നാൽ വിവിധ ആഗോള ഏജൻസികൾ ഇന്ത്യയിലെ സാധ്യതകൾ തേടി സജീവമായി രംഗത്തുണ്ട്.

ഇത്തരം സർട്ടിഫിക്കേഷൻ പദ്ധതികൾ രാജ്യത്തെ മത്സ്യബന്ധന നിയമങ്ങൾക്കും, രാജ്യത്തിന്റെ മുൻഗണനകൾക്കും, സാമൂഹികസാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കണം. ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിലെ സമുദ്ര മത്സ്യസമ്പത്തിന്മേലുള്ള രാജ്യത്തിന്റെ പരമാധികാര അവകാശം ഉറപ്പാക്കണം. എല്ലാ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും ദേശീയസംസ്ഥാന മത്സ്യബന്ധന നിയമങ്ങൾ പാലിച്ചാകണം. ജൈവ വൈവിധ്യ സംരക്ഷണ നിയമങ്ങൾ, സീഫുഡ് സുരക്ഷാ മാനദണ്ഡങ്ങൾ, തീരദേശ അകാകൾച്ചർ ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായിരിക്കണം. കൂടാതെ, കടലിൽ നിന്നും മത്സ്യം പിടിക്കുന്നത് തൊട്ട് ഉപഭോക്താക്കളിൽ എത്തുന്നത് വരെയുള്ള കൈമാറ്റ ശൃംഖല കൃത്യമായി രേഖപ്പെടുത്തുന്ന ട്രാക്കിംഗ് സംവിധാനം (ട്രെയ്സബിലിറ്റി) ഉറപ്പാക്കണമെന്നും സിഎംഎഫ്ആർഐ തയ്യാറാക്കിയ രൂപരേഖ നിർദേശിക്കുന്നു. അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ സംവിധാനങ്ങൾക്ക് സമാനമായി തദ്ദേശീയ ഇന്ത്യൻ മറൈൻ ഇക്കോലേബലിംഗ് സംവിധാനം വികസിപ്പിക്കുന്നതനുള്ള നിർദേശവും രൂപരേഖയിലുണ്ട്.

# ആമസോൺ സെല്ലർ അസിസ്റ്റന്റ് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യൻ വില്പനക്കാർക്ക് ബിസിനസ് കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കാൻ ആമസോൺ എഐ അധിഷ്ഠിത സെല്ലർ അസിസ്റ്റന്റ് അവതരിപ്പിച്ചു.

ഇംഗ്ലീഷിലും ഹിന്ദിയിലും 24 മണിക്കൂറും ലഭ്യമാകുന്ന ഈ സേവനം ഉത്പന്ന ലിസ്റ്റിംഗ്, ഇൻവെന്ററി മാനേജ്മെന്റ്, പരസ്യസേവനങ്ങൾ, വിപണി വിശകലനം എന്നിവയിൽ വ്യക്തിഗത മാർഗനിർദേശങ്ങൾ നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പുതിയ റീട്ടെയിൽ ഐഡന്റിറ്റി അവതരിപ്പിച്ച് പീറ്റർ ഇംഗ്ലണ്ട്




**കൊച്ചി:** പ്രമുഖ പുരുഷവസ്ത്ര ബ്രാൻഡുകളിലൊന്നായ പീറ്റർ ഇംഗ്ലണ്ട് പുതിയ റീട്ടെയിൽ ഐഡന്റിറ്റി അവതരിപ്പിച്ചു. ബ്രാൻഡിന്റെ പൈതൃകവും ആധുനികതയും സമന്വയിപ്പിച്ചുള്ള ഈ മാറ്റം, ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട ഷോപ്പിംഗ് അനുഭവം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ലണ്ടൻഡെറിയിൽ 1889ൽ ആരംഭിച്ച പീറ്റർ ഇംഗ്ലണ്ട്, ഇന്ത്യയിൽ മൂന്ന് പതിറ്റാണ്ടിലേറെയായി വിശ്വാസ്യതയും ഗുണനിലവാരവും കൈമുതലാക്കി മുന്നേറുകയാണ്. പുതിയ റീട്ടെയിൽ ആശയത്തിലൂടെ ഉൽപ്പന്നങ്ങൾ, ബ്രാൻഡ് അവതരണം, സ്റ്റോർ ഡിസൈൻ, ഉപഭോക്തൃ അനുഭവം എന്നിവയിൽ കൂടുതൽ സമകാലികമായ സമീപനമാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്.

പുതിയ സ്റ്റോർ ഡിസൈനിൽ ബ്രാൻഡിന്റെ ചരിത്രവും കരകൗശല പാരമ്പര്യവും പ്രതിഫലിപ്പിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ സ്റ്റോറിയെല്ലിംഗ് സംവിധാനങ്ങൾ, പ്രത്യേക ഡിസൈൻ മോട്ടിഫുകൾ, നവീന ട്രയൽ റൂമുകൾ, മെച്ചപ്പെട്ട ഉൽപ്പന്ന പ്രദർശന മേഖലകൾ എന്നിവ ഉപഭോക്തൃ അനുഭവം ഉയർത്തുന്നു.

ഡെനിം, ഫോർമൽ വസ്ത്രങ്ങൾ, കാഷ്വൽ വെയർ, ആഘോഷവിവാഹ വസ്ത്രങ്ങൾ തുടങ്ങി പീറ്റർ ഇംഗ്ലണ്ടിന്റെ സമ്പൂർണ ഉൽപ്പന്ന ശേഖരം ഒരൊറ്റ ഇടത്തിൽ ലഭ്യമാക്കുന്ന രീതിയിലാണ് പുതിയ റീട്ടെയിൽ മാതൃക ഒരുക്കിയിരിക്കുന്നത്.

രാജ്യത്തുടനീളമുള്ള സ്റ്റോറുകളിലേക്ക് ഈ പുതിയ റീട്ടെയിൽ ഐഡന്റിറ്റി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുമെന്നും കമ്പനി അറിയിച്ചു.




# ഇന്ത്യ ഓട്ടിസം സെന്ററും സ്പെഷ്യൽ ഒളിമ്പിക്സ് ഭാരതും കൈകോർക്കുന്നു

**ന്യൂഡൽഹി:** ഓട്ടിസം ബാധിതരും ബൗദ്ധികവികസന വൈകല്യമുള്ളവരുമായ വ്യക്തികൾക്ക് കൂടുതൽ കായിക അവസരങ്ങൾ ഒരുക്കുന്നതിനായി ഇന്ത്യ ഓട്ടിസം സെന്ററും (ഐഎസി) സ്പെഷ്യൽ ഒളിമ്പിക്സ് ഭാരതും ധാരണാപത്രത്തിൽ ഒപ്പുവച്ചു. യുവജനകാര്യകായിക മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ കായിക ഫെഡറേഷനായ സ്പെഷ്യൽ ഒളിമ്പിക്സ് ഭാരതും, ഓട്ടിസം മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ ലാഭേച്ഛയില്ലാ സ്ഥാപനമായ ഇന്ത്യ ഓട്ടിസം സെന്ററും തമ്മിലുള്ള ഈ മൂന്ന് വർഷത്തെ സഹകരണം, പ്രത്യേക ആവശ്യങ്ങളുള്ള വ്യക്തികൾക്ക് പരിശീലനം, മത്സരാവസരങ്ങൾ, സാമൂഹിക പങ്കാളിത്തം എന്നിവ വർധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കരാർ പ്രകാരം കൊൽക്കത്തയിലെ ഐഎസി സ്പോർട്സ് സെന്റർ സ്പെഷ്യൽ ഒളിമ്പിക്സ് ഭാരതിന്റെ ഔദ്യോഗിക പരിശീലനമത്സര വേദിയായി പ്രവർത്തിക്കും. പരിശീലന ക്യാമ്പുകൾ, ശില്പശാലകൾ, കായിക മത്സരങ്ങൾ, വിലയിരുത്തൽ പരിപാടികൾ, ഉൾക്കൊള്ളുന്ന വിനോദ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ ഐഎസി പിന്തുണ നൽകും. കായികരംഗത്തിലൂടെ ആത്മവിശ്വാസവും സ്വയംപര്യാപ്തതയും വളർത്താനും, പ്രത്യേക കായിക താരങ്ങൾക്ക് ദേശീയഅന്തർദേശീയ തലങ്ങളിലേക്ക് മുന്നേറാനുള്ള അവസരങ്ങൾ സൃഷ്ടിക്കാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ അഡാപ്റ്റീവ് സ്പോർട്സ്, ഓട്ടിസം, സാമൂഹിക ഉൾക്കൊള്ളൽ തുടങ്ങിയ മേഖലകളിൽ സംയുക്ത ഗവേഷണങ്ങളും അറിവ് വികസന പ്രവർത്തനങ്ങളും നടത്താനും ഇരു സ്ഥാപനങ്ങളും തീരുമാനിച്ചിട്ടുണ്ട്.

## പ്രവാസികൾക്കായി എഫ്സിഎൻആർ മാക്സ് ഡിപ്പോസിറ്റ് സ്കീം അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** യുഎസ് ഡോളറിലുള്ള പ്രവാസി സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്ക് നൽകാൻ ഫെഡറൽ ബാങ്ക്. എഫ്സിഎൻആർ മാക്സ് ഡിപ്പോസിറ്റ് സ്കീമിനു കീഴിലുള്ള നിക്ഷേപങ്ങൾക്ക് 6.25 ശതമാനം പലിശ ലഭിക്കുമെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു. 3 മുതൽ 5 വർഷത്തേക്കുള്ള നിക്ഷേപങ്ങൾക്കാണ് ഈ പലിശ നിരക്ക്. ഉപഭോക്തൃ കേന്ദ്രീകൃത സാമ്പത്തിക പരിഹാരങ്ങൾ നൽകുന്നതിന്റെ ഭാഗമായാണ് എൻആർഐ ഇടപാടുകാർക്കായി പുതിയ സ്കീം ആരംഭിച്ചതെന്നും വിദേശനാണ്യ നിക്ഷേപങ്ങളിൽ കൂടുതൽ മൂല്യവും വിശ്വസ്തതയും ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും റീട്ടെയ്ൽ ലയബിലിറ്റീസ് വിഭാഗം കൺട്രി ഹെഡുമായ ജോയ് പി വി പറഞ്ഞു. നിക്ഷേപം ആരംഭിച്ച് ആദ്യ ഒരു വർഷത്തേക്ക് ലോക്ക് ഇൻ പിരീഡ് ഉണ്ടായിരിക്കും. കാലാവധിക്ക് മുൻപ് നിക്ഷേപം പിൻവലിക്കുന്ന സാഹചര്യത്തിൽ പലിശനിരക്കിൽ 1 ശതമാനത്തിന്റെ കുറവുണ്ടാകുമെന്നും ഫെഡറൽ ബാങ്ക് അറിയിച്ചു.

## നിക്ഷേപകർക്ക് പുതിയ 3ഇൻ1 അക്കൗണ്ടുമായി എയു സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** ട്രേഡിംഗ് കൂടുതൽ എളുപ്പമാക്കുന്നതിനും സാമ്പത്തിക നേട്ടം ഉറപ്പാക്കുന്നതിനുമായി എയു സ്മോൾ ഫിനാൻസ് ബാങ്കും മോത്തിലാൽ ഒസ്വാൾ ഫിനാൻഷ്യൽ സർവീസസും 3ഇൻ1 അക്കൗണ്ട് സംവിധാനത്തിൽ സുപ്രധാന മാറ്റങ്ങൾ കൊണ്ടുവന്നു.

സേവിംഗ്സ് അക്കൗണ്ട്, ട്രേഡിംഗ് അക്കൗണ്ട്, ഡീമാറ്റ് അക്കൗണ്ട് എന്നിവ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്ന ബാങ്കിംഗ് സംവിധാനമാണ് 3ഇൻ1 അക്കൗണ്ട്. ഇതിലൂടെ പണം മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റാതെ തന്നെ ഓഹരി നിക്ഷേപങ്ങളും മറ്റു ക്രയവിക്രയങ്ങളും എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. ഇതോടെ എയു സ്മോൾ ഫിനാൻസ് ബാങ്ക് സേവിംഗ്സ് അക്കൗണ്ട് നേരിട്ട് മോത്തിലാൽ ഒസ്വാളിന്റെ റൈസ് ആപ്പുമായി ബന്ധിപ്പിക്കാൻ സാധിക്കും.

## നെല്ല് സംഭരണം: എസ്.ബി.ഐ, കാനറ വഴിയുള്ള തുക വിതരണം പുനരാരംഭിച്ചു

**കൊച്ചി:** നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എസ്.ബി.ഐ, കാനറ ബാങ്കുകൾ വഴിയുള്ള തുകവിതരണം പുനരാരംഭിച്ചതായി സപ്ലൈകോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

പി.ആർ.എസ് വായ്പയുടെ പരിധി സർക്കാർ ഉയർത്തിയ സാഹചര്യത്തിലാണ് എസ്. ബി.ഐ, കാനറാ ബാങ്കുകൾ വഴി കർഷകർക്കായുള്ള തുക വിതരണം സപ്ലൈകോ പുനരാരംഭിച്ചത്.1100 കോടിയിൽ നിന്ന് 1600 കോടിയായാണ് സർക്കാർ പി.ആർ.എസ് വായ്പാപരിധി ഉയർത്തിയത്. ബുധനാഴ്ച മുതൽ ഈ ബാങ്കുകളിൽ നിന്ന് പി ആർ എസ് ഹാജരാക്കുന്ന കർഷകർക്ക് തുക ലഭിക്കും.

പാലക്കാട് ജില്ലയിലും തുക വിതരണം സഹകരണ സംഘങ്ങളിൽ നിന്ന് കൺസോർഷ്യം ബാങ്കുകളിലേക്ക് മാറ്റിയിട്ടുണ്ട്. നിലവിൽ പി ആർ എസ് കൈപ്പറ്റിയ കർഷകർ, രസീതുമായി എസ് ബി ഐ, കനറാ ബാങ്കുകളെ സമീപിച്ചാൽ തുക ലഭിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

## വെസ്പയ്ക്ക് 80 വയസ്; ആഘോഷം റോമിൽ

**കൊച്ചി:** സ്കൂട്ടർ പ്രേമികളുടെ ഇഷ്ടവാഹനമായ വെസ്പയ്ക്ക് 80 വയസ്. 80ാം വാർഷികാഘോഷം 25 മുതൽ 28 വരെ റോമിൽ നടക്കും.ആഘോഷത്തിൽ പങ്കെടുക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വെസ്പ ഉടമകൾ സ്കൂട്ടറുമായി റോമിലെത്തുമെന്ന് അധികൃതർ പറഞ്ഞു. 60 രാജ്യങ്ങളിൽ നിന്നുള്ളവർ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതുവരെ വിപണിയിലെത്തിയിട്ടുള്ള എല്ലാ വെസ്പ മോഡലുകളുമായാണ് ക്ലബ് അംഗങ്ങൾ റോമിലെത്തുന്നത്. പാട്ടും മത്സരങ്ങളും പ്രദർശനങ്ങളും നാലു ദിവസത്തെ ആഘോഷത്തിൽ ഉണ്ടാകും. എല്ലാ ഭൂഖണ്ഡങ്ങളിലുമായി ഏകദേശം രണ്ടു കോടി സ്കൂട്ടറുകൾ ഉണ്ടെന്ന് വെസ്പ അധികൃതർ പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com